## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.299 — 08.06.2015 ന് മറുപടിയ്ക്ക്.

## മനുഷ്യവാസ മേഖലകളിലെ വന്യമൃഗ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കൃഷിഭൂമിയിലും മനുഷ്യ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) കൃഷിഭൂമിയിലും മനുഷ്യ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തിരികെ ഉൾക്കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനായി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിലായി വിന്യസിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (ബി) റാപ്പിഡ് റെസ്പോൺസ് ടീമുകൾ ഇതിനായുള്ള നിലവിലെ ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് സംവിധാനമാണ്. |
| (സി) എങ്കിൽ എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (സി) വയനാട്, കണ്ണൂർ, പാലക്കാട് നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങൾ ആസ്ഥാനമാക്കി സംസ്ഥാനത്ത് നിലവിൽ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ